ശ്രീ, ടി. സി. നാരായണൻ നമ്പ്യാർ : അതായതു പഞ്ചായത്തുകളിലുള്ള പഞ്ചായത്തു പ്രസിഡൻറുമാർക്കു് അതിന്റെ അതിർത്തിക്കുള്ളിൽ പഞ്ചായത്തിന്റെ ആവശ്യത്തിനുവേണ്ടി യാത്ര ചെയ്യണമെങ്കിൽ യാത്രക്കൂലിയൊന്നും കൊടുക്കുന്നില്ല. ഒരു പഞ്ചായത്തിന്റെ ഒരതിർത്തിയിൽനിന്നും മറേറ അതിർത്തിവരെ പോകുന്നതിനു് ചിലപ്പോൾ പന്ത്രണ്ടും പതിനഞ്ചും നാഴികയ്ക്കു ദൂരം വരും. അങ്ങനെയുള്ള സന്ദർഭങ്ങളിൽ പഞ്ചായത്തു പ്രസിഡണ്ടുമാർക്കു് ഔദ്യോഗികമായി യാത്ര ചെയ്യുന്നതിനുള്ള യാത്രക്കൂലി കൊടുക്കുന്നതിനെപ്പററി ആലോചിക്കുമോ ?

ശ്രീ. കെ. എ. ദാമോദര മേനോൻ : അതിനെപ്പററി ആലോചിക്കാതെ പെട്ടെന്നു് മറുപടി പറയാൻ സാധിക്കുകയില്ല. വളരെ കാര്യമായി പരിശോധിച്ചു് തീരുമാനിക്കേണ്ട ഒരു സംഗതിയാണു് ഇതു്. ഗവണ്മെൻറിനു് ധനപരമായി വലിയ ബാദ്ധ്യതയുണ്ടായെന്നുള്ള കാര്യങ്ങളെപ്പററിയെല്ലാം ആലോചിച്ചതിനുശേഷം എന്തെങ്കിലും ഇക്കാര്യത്തിൽ നിശ്ചയിക്കാവുന്നതാണു്.

ശ്രീ. പി. രാമുണ്ണിക്കുറുപ്പു് : പഞ്ചായത്തു ഡീലിമിറേഷനുശേഷം പഞ്ചായത്തുകളുടെ ഗ്രേഡു് തിരിച്ചതിന്റെ ഫലമായി ഉണ്ടായ ഓരോ പഞ്ചായത്തിന്റെയും ഗ്രേഡും സ്വഭാവവും കാണിക്കുന്ന ഒരു ലിസ്റ്റു് തയ്യാറാക്കി ഈ നിയമസഭയിലെ മെമ്പറന്മാർക്കും അതായതു പഞ്ചായത്തുകൾക്കും വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ശ്രീ. കെ. എ. ദാമോദര മേനോൻ : ഡീലിമിറേഷനെ സംബന്ധിച്ചു് വളരെയധികം ചർച്ചകൾ നടത്തിയതിനുശേഷമാണു് ഒരു തീരുമാനം എടുത്തതു നടപടികളും സ്വീകരിച്ചിട്ടുള്ളതു്.

ശ്രീ. പി. രാമുണ്ണിക്കുറുപ്പു് : ഡീലിമേറേഷനുശേഷം പഞ്ചായത്തുകളുടെ ഗ്രേഡു് തിരിച്ചതിനെ സംബന്ധിച്ചിടത്തോളം ഒരു പരിശോധന നടത്തുമോ ?

ശ്രീ. കെ. എ. ദാമോദര മേനോൻ : പുതിയ പഞ്ചായത്തുകളും ഡീലിമിറേഷന്റെ ഫലമായിട്ടുണ്ടായിട്ടുണ്ടു്. അവയുടെ പ്രവർത്തനത്തിന്റെ വെളിച്ചത്തിൽ ഒരു പുനഃപരിശോധന ചെയ്യാൻ തയ്യാറാണു്.

ശ്രീ. ഈ. പി. ഗോപാലൻ : പഞ്ചായത്തു് രാജു് കൂടി നടപ്പിലാക്കിയതിനുശേഷം മാത്രമേ ഇലക്ഷൻ ഡ്യൂട്ടിക്കു് നിയമിച്ചിട്ടുള്ളവർക്കു് അലവൻസു് കൊടുക്കുകയുള്ളുയെന്നു് വല്ല തീരുമാനവും ഗവണ്മെൻറിൽനിന്നും എടുത്തിട്ടുണ്ടോ ?

ശ്രീ. കെ. എ. ദാമോദര മേനോൻ : അങ്ങനെയൊരു തീരുമാനവും എടുത്തിട്ടില്ല. ഇലക്ഷൻ ഡ്യൂട്ടിക്കു് നിയമിച്ചിട്ടുള്ളവർക്കു് ക്രമപ്രകാരം അലവൻസു് കൊടുക്കുന്നതാണു്.

ഫൈനാൻഷ്യൽ അസിസ്റ്റൻറുമാരുടെ തസ്തിക.

* 665. [10] ശ്രീ. എം. നാരായണക്കുറുപ്പു് : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഫൈനാൻഷ്യൽ അസിസ്റ്റൻറന്മാരുടെ തസ്തികയിലേക്കു് ആളെ നിയമിക്കുന്ന സംപ്രദായവും അതിന്റെ യോഗ്യതയും എന്തെല്ലാമാണു് ;

(ബി) മദിരാശി ഗവണ്മെൻറിന്റെ സബോർഡിനേറ്റു് സർവ്വീസു് അക്കൗണ്ടു് ടെസ്റ്റു്, പാർട്ടു് 1 പരീക്ഷ കേരളത്തിലെ അക്കൗണ്ടു് ടെസ്റ്റു് ഹയറിനു തുല്യമായി ഗവണ്മെൻറു് പരിഗണിച്ചു് ഉത്തരവായിട്ടുണ്ടോ ;

(സി) കേരളത്തിലെ അക്കൗണ്ടു് ടെസ്റ്റു് ഹയർ പാസ്സായി ഡിപ്പാർട്ടുമെൻറുകളിൻ അക്കൗണ്ടു് വിഭാഗത്തിൽ ജോലി നോക്കുന്ന ക്ലാർക്കന്മാർക്കു് നൽകുന്ന സ്പെഷ്യൽ അലവൻസു് 10 ഉറുപ്പിക അതേ ജോലി നോക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

തത്തുല്യമായ യോഗ്യതയുള്ള മദിരാശി സബോർഡിനേറ്റ് സർവ്വീസ് അക്കൗണ്ട് ടെസ്റ്റ്, പാർട്ട് 1 പരീക്ഷ പാസ്സായവർക്ക് നൽകാത്തതെന്തുകൊണ്ട് ;

(ഡി) അവക്ക് ടി അലവൻസ് നൽകുമോ ?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ) :

(എ) ഈ കാര്യത്തിൽ പുറപ്പെടുവിച്ച ഉത്തരവിന്റെ (ജി. ഓ. എം. എസ്. നമ്പർ 51 ഡേറ്റഡ് 29-1-62)† ശരിപ്പകർപ്പ് മേശപ്പുറത്ത് വെച്ചിരിക്കുന്നു.

(ബി) ഇല്ല.

(സി) മേൽ ഉത്തരത്തിന്റെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

(ഡി) അവക്ക് പ്രസ്തുത അലവൻസ് കൊടുക്കേണ്ടതില്ലെന്നു ഗവണ്മെന്റ് ഉത്തരവായിട്ടുണ്ട്.

ശ്രീ. എം. നാരായണക്കുറുപ്പ് : ഇവിടെ മേശപ്പുറത്ത് വെച്ചിരിക്കുന്ന ലിസ്റ്റനുസരിച്ച് രണ്ടു പരീക്ഷകളും പ്രമോഷനുകളിൽ തുല്യ യോഗ്യതയായി അംഗീകരിച്ചതുകൊണ്ട് അലവൻസിൽ തുല്യയോഗ്യതയില്ലെന്നു പറയുന്നതു നീതിക്ക് നിരക്കാത്തതാണ്. അലവൻസ് നിഷേധിച്ചിട്ടുള്ള ആളുകൾ വളരെ കുറച്ചുപേർ മാത്രമേയുള്ളൂ. അതുകൊണ്ട് അവക്കുകൂടി അലവൻസ് കൊടുക്കുന്നതുകൊണ്ട് ഗവണ്മെന്റിനു വലിയ സാമ്പത്തികബാദ്ധ്യത വരാൻ തരമില്ല. ഇക്കാര്യങ്ങളെ അടിസ്ഥാനമാക്കി ഈ ഉത്തരവു പുനഃപരിശോധന ചെയ്യുമോ ?

ശ്രീ. ആർ. ശങ്കർ : തുല്യതയുള്ളതു് അതിൽ ഒന്നും രണ്ടും ഗ്രേഡുകളിലേക്കുള്ള നിയമനത്തിനു മാത്രമാണ്. ബാക്കി ഒന്നിനും തുല്യത അനുവദിച്ചിട്ടില്ല. ഈ പ്രശ്നത്തിന്റെ നാനാവശങ്ങളെപ്പറ്റി ആലോചിച്ചശേഷം എടുത്തിട്ടുള്ള തീരുമാനമാണ് ഇതു്. ഇതിലെന്തെങ്കിലും മാറ്റം വരുത്തേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല.

ശ്രീ. എം. നാരായണക്കുറുപ്പ് : രണ്ടായിട്ട് അംഗീകരിച്ചിട്ടുണ്ടെങ്കിലും ഫൈനാൻഷ്യൽ അസിസ്റ്റന്റുമാരുടെ രണ്ടുതരത്തിൽ പെട്ടവക്കും ഒരേ തരത്തിലുള്ള ജോലിയല്ലേയുള്ളതു് ?

ശ്രീ. ആർ. ശങ്കർ : ഇതിൽ കൂടുതൽ ഉത്തരവാദിത്വവും കൂടുതൽ വലുപ്പവും ഉള്ള ജോലികൾ ഫസ്റ്റ് ഗ്രേഡാണ് ചെയ്യുന്നതു്.

ശ്രീ. ഇ. പി. ഗോപാലൻ: പ്രമോഷനു് അർഹപ്പെട്ട ഒരു പരീക്ഷായോഗ്യത നിയമത്തിന്റെ കാര്യത്തിൽ യോഗ്യതയായിട്ട അംഗീകരിക്കാത്തതിൽ വല്ല ന്യായവുമുണ്ടോ? പ്രമോഷന്റെ കാര്യത്തിൽ തുല്യത കണക്കാക്കുകയാണെങ്കിൽ മറ്റു റെഗുലേഷനും ബാധകമല്ലെന്നു വല്ല നടപടികളും അംഗീകരിച്ചിട്ടുണ്ടോ?

ശ്രീ. ആർ. ശങ്കർ: ഇതിലേയ്ക്കു് മദ്രാസ് ലോവർ ഇവിടത്തെ ഹയറിനു തുല്യമായി അംഗീകരിച്ചിട്ടുള്ളതു് ചിലതിനു മാത്രമാണ്. എന്നാൽ പൊതുവിൽ ഈ രണ്ടു യോഗ്യതകളും തുല്യമായി എല്ലാറ്റിനും പരിഗണിക്കാൻ സാദ്ധ്യമല്ല.

ശ്രീ. എം. നാരായണക്കുറുപ്പ്: ഫൈനാൻഷ്യൽ അസിസ്റ്റന്റ് എന്നുള്ള തസ്തിക രണ്ടുകൂട്ടരും ഒരുപോലെയാണ് ചെയ്യുന്നതു്. ഏതെങ്കിലും ഒരു ഡിപ്പാർട്ടുമെന്റിൽ അക്കൗണ്ട് ടെസ്റ്റ് ലോവർ പാസായിട്ടുള്ള ആളുകളേക്കാൾ കൂടുതലായിട്ട് ഹയർ പാസായിട്ടുള്ള ആളുകൾ ജോലിചെയ്യുന്നുണ്ടോ: ഒരു ഡിപ്പാർട്ടുമെന്റിലും അങ്ങനെ ചെയ്യുന്നില്ലെന്നുള്ളതാണ് വാസ്തവം. ഇതിനെപ്പറ്റി ഗവണ്മെന്റ് പരിശോധിച്ചിട്ടുണ്ടോ?

† Appendix III

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആർ. ശങ്കർ: ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞിട്ടുള്ളതു് ശരിയല്ല.

ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾ

* 666. [11] ശ്രീ. എം. സി. ഏബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്കു് വ്യവസായവകുപ്പുമന്ത്രി സദയം മറുപടി അരുൾചെയ്യുമോ:

(എ) ഈ സംസ്ഥാനത്തു് ഇപ്പോൾ എത്ര ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾ ഉണ്ടു്;

(ബി) ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾ മുഖാന്തിരം വ്യവസായികൾക്കു് ലഭിക്കുന്ന പ്രയോജനങ്ങൾ എന്തെല്ലാം;

(സി) ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളിലെ കെട്ടിടങ്ങളിൽ ഏതെങ്കിലും ഒഴിഞ്ഞു കിടപ്പുണ്ടോ;

(ഡി) ഉണ്ടെങ്കിൽ എവിടെയാണു്?

വ്യവസായവകുപ്പുമന്ത്രി (ശ്രീ. കെ. എ. ദാമോദര മേനോൻ):

(എ) എട്ടെണ്ണം പ്രവർത്തിക്കുന്നുണ്ടു്. രണ്ടെണ്ണത്തിന്റെ പണി നടന്നു കൊണ്ടിരിക്കുന്നു.

(ബി) വ്യവസായികൾക്കു് പ്രധാനമായും നേരിടുന്ന വിഷമം സൗകര്യപ്രദമായ ഫാക്ടറികൾ കിട്ടാത്തതാണു്. വ്യവസായ എസ്റ്റേറ്റുകൾ മുഖാന്തിരം ഏലക്ട്രിസിറ്റി, വെള്ളം മുതലായ എല്ലാ സൗകര്യങ്ങളോടും കൂടിയ ഫാക്ടറി ഷെഡ്ഡുകൾ കുറഞ്ഞനിരക്കിൽ വാടകയ്ക്കു് കൊടുക്കുന്നു. ഈ എസ്റ്റേറ്റുകൾക്കുള്ളിൽ റോഡു്, പോസ്റ്റാഫീസു്, ബാങ്കു്, മെഡിക്കൽ ശാല, വിനോദത്തിനുള്ള സൗകര്യങ്ങൾ ഇവയെല്ലാമുണ്ടു്. പല വ്യവസായങ്ങൾ കേന്ദ്രീകരിച്ചു നടത്തുന്നതിനാൽ ആധുനികരീതികൾ പ്രയോജനപ്പെടുത്തുന്നതിനും അസംസ്കൃതസാധനങ്ങൾ ഒരുമിച്ചു വാങ്ങുന്നതിനും മറ്റും സൗകര്യം ലഭിക്കുന്നു.

(സി) ഉണ്ടു്.

(ഡി) പാലക്കാടു് ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ.

ശ്രീ. എം. സി. ഏബ്രഹാം: പല ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളിലും ഇവിടെ വ്യവസായം നടത്തിക്കൊണ്ടിരിക്കുന്ന ആളുകൾക്കു് കൂടുതൽ ഷെഡ്ഡുകൾ ആവശ്യപ്പെട്ടിട്ടു കിട്ടുന്നില്ലെന്നുള്ള പരാതി ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. കെ. എ. ദാമോദരമേനോൻ: ചില എസ്റ്റേറ്റുകളിൽ കൂടുതൽ ഷെഡ്ഡു് ആവശ്യമുണ്ടെന്നുള്ള കാര്യം ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതാണു്. ആ കുറവു് നീക്കുന്നതിനു് ഗവണ്മെന്റു് ശ്രമിക്കുന്നതാണു്.

ശ്രീ. എ. എ. റഹിം: ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളിൽനിന്നു ഈടാക്കിക്കൊണ്ടിരിക്കുന്ന വാടക കൂട്ടുന്നുണ്ടെന്നു കേൾക്കുന്നതു ശരിയാണോ?

ശ്രീ. കെ. എ. ദാമോദര മേനോൻ: അങ്ങനെയുള്ള ആലോചനയൊന്നും ഇപ്പോൾ ഗവണ്മെന്റിന്റെ മുൻപിലില്ല.

ശ്രീ. പി. പി. കുഞ്ഞുണ്ണിനായർ: കുറെ കെട്ടിടങ്ങളുടെ പണി നടക്കുന്നുണ്ടെന്നുപറഞ്ഞു. കഴിഞ്ഞകൊല്ലത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള വർക്കുകളാണു് അവ. ഈ വർഷാവസാനത്തോടുകൂടിതന്നെ കെട്ടിടങ്ങളുടെ പണി തീരുമോ? എവിടെയെല്ലാമാണു് ഇത്തരം കെട്ടിടങ്ങളുടെ പണി നടക്കുന്നതു്?

ശ്രീ. കെ. എ. ദാമോദര മേനോൻ: 1963-64 സാമ്പത്തികവർഷത്തിൽ ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾ പണിയുന്നതിനുവേണ്ടി നീക്കിവച്ചിട്ടുള്ള സംഖ്യ മുഴുവനും ചെലവാക്കാൻ സാധിക്കുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. കുറെക്കൂടി ചെലവാക്കാൻ കഴിയുമെന്നാണു് പ്രതീക്ഷിക്കുന്നതു്. എവിടെയൊക്കെയാണു് ഇതിന്റെ പണി നടക്കുന്നതെന്നുള്ളതിനെപ്പറ്റി പ്രത്യേകമായി ചോദിച്ചാലെ പറയുവാൻ നിവൃത്തിയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly

APPENDIX II

[*Please see answer to Starred Question No.* 663 (8)]

Particulars of appointments made during the last 3 years in the Government concerns are given below:

	Name of Concerns	*Scheduled and Backward Classes*	*Others*
1	Travancore Rubber works, Trivandrum.	19	16
2	Kerala Government Cycle Rim Factory, Trivandrum.	11	5
3	Trivandrum Spinning Mills, Balaramapuram.	21	22
4	Kerala Government Ceramics, Kundara.	13	3
5	Government Ceramic Concerns, Kundara.	7	4
6	Travancore Plywood Industries, Punalur.	4	4
7	Government Oil Factory, Calicut.	2	3
8	Kerala Soap Institute, Calicut.	99	72

No appointments were made in Shark Liver Oil Factory Trivandrum. Only very few appointments were made in Government Hydrogenation Factory, Calicut during the years on temporary basis for short leave vacancies.

APPENDIX III

[*Please see answer to Starred Question No.* 665 (10)]

GOVERNMENT OF KERALA

Abstract

Public Services—The Kerala General Service—Financial Assistants in the various Departments—Special Rules—Re-issued.

PUBLIC (RULES) DEPARTMENT

G. O. MS. No. 51. Dated, Trivandrum, 29th January 1962.

NOTIFICATION

In exercise of the powers conferred by the proviso to Article 309 of the Constitution of India and of all other powers hereunto enabling a in supersession of the rules issued under the Notification G. O M No. 96 Public (Rules) Department dated the 12 h April 1960, a published in Part I of the Gazette dated the 26th April, 1960 t Governor of Kerala herby makes the following Rules, namely:—

LIBRARY ARCHIVES Kerala Legislative Assembly

RULES

1. The posts of Financial Assistants in the several Departments excluding the posts of Financial Assistant in the Office of the Director of Public Instruction shall form a seperate Class in the Kerala General Service.

2. Constitution—The Class shall consist of the following categories of officers, namely:—

Category 1. Financial Assistants, Grade I.

„ 2. Financial Assistants, Grade II including Accounts Officer, Education Department.

3. Appointment—(1) Appointment to the two categories shall be made as follows:—

	Category (1)	*Method of appointment* (2)
1.	Financial Assistant Grade I	Promotion from Category 2
2.	Financial Assistant Grade II	Recruitment by transfer from among: (a) Superintendents in the Finance Department of the Secretariat. (b) Divisional Accountants in the Public Works Department or (c) Members of any other Service.

Provided that all vacancies, substantive, officiating or temporary in category 2 shall be filled or reserved to be filled by the methods specified in clauses (a), (b) and (c) in the ratio of 1 : 1 : 1.

2. Promotion to the posts of Financial Assistants, Grade I shall be made from a list prepared from among eligible officers on the basis of merit and ability, seniority being consi ered only where merit and ability are approximately equal. Persons included in a list shall be ranked in the order of their seniority.

4. Qualification:—No person other than a Superintendent in the Finance Department of the Secretaraiat or a Divisional Accountant in the Public Works Department shall be eligible for appointment as Financial Assistant Grade II, by transfer unless he possesses the following qualifications:—

1. Must have passed the Account Test (Higher)
2. Must have put in a minimum service of ten years and must be drawing a salary of not less than Rs. 200.
3. Must have at least five years experience in Accounts and Finance matters of the Government.

Provided that in the case of a person allotted to the State of Kerala from the Service under the Government of Madras consequent on the States Reorganisation, Account Test for subordinate officers, Part I, of the Government of Madras shall be accepted, as sufficient qualificaiton in lieu of the Account Test (Higher).

LIBRARY ARCHIVES Kerala Legislative Assembly

5. Probation—Every person appointed to a category sha from the date on which he joins duty, be on probation for a total period of one year on duty within a continuous period of two years' if he was appointed by promotion, or for a total period of 2 years on duty within a continuous period of three years, if he was appointed by transfer.

By order of the Governor,
K. P. K. MENON,
Chief Secretary.

To

The Superintendent of Government Presses.
The Secretary, Kerala Public Service Commission (with C. L.)
The Accountant General, Trivandrum.
The Finance Department.
All Departments of the Secretariat.
The Public (Services B and C) Departments.
The Private Secretaries to Chief Minister and Deputy Chief Minister.
The Private Secretaries to all Ministers.

APPENDIX IV

[*Please see answer to Starred Question No.* 671 (28)]

'ഇ'ക്കുള്ള ഉത്തരം

കൊല്ലം	1961-62 രൂപ	1962-63 രൂപ	1963-64 രൂപ
വാസ്തു	14,62,600	15,17,000	11,43,000
ഗ്രാന്റു്	2,37,400	2,08,000	1,09,200
ബേപ്പൂർ മോഡൽ കയർ ഫാക്ടറി	50,000	50,000	75,000
ഡിപ്പാർട്ടുമെന്റു് ചെണ്ടെച്ചെലവു്	2,00,000	2,19,000	2,72,800
ആകെ	19,50,000	19,94,000	16,00,000

'എഫ്'നുള്ള ഉത്തരം

കൊല്ലം	1961-62 രൂപ	1962-63 രൂപ	1963-64 രൂപ (31-1-64 വരെ)
വാസ്തു	11,86,864	19,12,157	1,63,289
ഗ്രാന്റു്	7,200	18,400	
ഡിപ്പാർട്ടുമെന്റു് ചെണ്ടെച്ചെലവു്	1,91,034	2,32,404	2,89,863
ആകെ	13,85,098	21,62,961	4,53,152

1963-64-ൽ (31-1-64 വരെ) ഗ്രാന്റിനും ഡിപ്പാർട്ടുമെന്റു ചെലവിനും തരംതിരിച്ചുള്ള കണക്കു് ഇപ്പോഴും ലഭ്യമല്ല.

LIBRARY ARCHIVES Kerala Legislative Assembly